അർബൻ 2020 പദ്ധതി

120 (4155) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) അങ്കമാലി നഗരസഭയിൽനിന്നും ഏതെല്ലാം പ്രോജക്ടുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പി. (കേരള സുസ്ഥിര നഗര വികസന പദ്ധതി)-യെ നിയമിച്ചു.

2. നഗരസഭകൾ സമർപ്പിച്ച പ്രോജക്ട് ആശയങ്ങളിൽ നിന്നും അംഗീകാരം ലഭിക്കുന്നവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 ഏജൻസികളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തു.

3. നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനും അംഗീകാരം നൽകുന്നതിനുമായി നാല് സംസ്ഥാനതല ടെക്നിക്കൽ എക്സ്പേർട്ട് കമ്മിറ്റികൾ രൂപീകരിച്ചു.

4. 30 നഗരസഭകൾക്ക് അവർ തെരഞ്ഞെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കിയ 1115 കോടി രൂപ അടങ്കലുള്ള 42 പദ്ധതികളുടെ ഡി.പി. ആറുകൾ തയ്യാറാക്കുന്നതിനുള്ള അനുമതി ഇതിനകം നൽകി. ഇതിൽനിന്നും ആദ്യഘട്ടമെന്ന നിലയിൽ 7 നഗരസഭകളുടെ 147 കോടി രൂപ അടങ്കൽ വരുന്ന 7 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാർ 2015 ജൂലൈ 7-ാം തീയതി ഒപ്പുവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്കമാലി നഗരസഭയുടെ താഴെപ്പറയുന്ന പ്രോജക്കുകളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മാർക്കറ്റ് നവീകരണം (അടങ്കൽ 10 കോടി രൂപ)- ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസി-കിറ്റ്കോ

2. ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് ആന്റ് വേസ്റ്റ് വാട്ടർ മാനേജ്മെന്റ് പ്രോജക്ട് (അടങ്കൽ 50 കോടി രൂപ) ഡി.പി.ആർ.തയ്യാറാക്കുന്ന ഏജൻസി-ടാറ്റാ കൺസൾട്ടൻസി ലിമിറ്റഡ്, മുംബൈ.

(സി) മേൽപ്പറഞ്ഞ പദ്ധതികളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹൈമാസ്സ് ലാംബ്

121 (4156) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളായൂണിവേഴ്സിറ്റിക്ക് മുമ്പിലുള്ള ആശാൻ സ്ക്വയറിൽ മതിയായ വെളിച്ചം ഇല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ. ഹോസ്റ്റലിന് മുമ്പിലും ആശാൻ സ്ക്വയറിലും മതിയായ വെളിച്ചമില്ലാത്തതിനാൽ എയർപോർട്ടിൽനിന്നും വി.വി.ഐ.പി. സഞ്ചരിച്ച വാഹനം ആശാൻ സ്ക്വയർ ചുറ്റിവരുന്നതിന് പകരം ദിശമാറി സഞ്ചരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എം.എൽ.എ. ഹോസ്റ്റലിന് മുമ്പിൽ വെളിച്ചമില്ലാത്ത ഈ ന്യൂനത പരിഹരിക്കുന്നതിനായി ആശാൻ സ്ക്വയറിൽ ഒരു ഹൈമാസ്സ് ലാംബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്മാർട്ട് സിറ്റി പദ്ധതിയിൻകീഴിൽ വികസിപ്പിക്കുന്ന നഗരങ്ങൾ

122 (4157) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly